# മുഹമ്മദും മരുഭൂമിയിലെ രാക്ഷസനും



**മസ്ഊദ് അബ്ദുൽ ഹാദി**
വിവ: വി.എ കബീർ
വര: ശബീബ മലപ്പുറം

**നേരം** നട്ടുച്ചയായി. ശഹ്‌രിയാർ മരുഭൂമിയിലെ രാക്ഷസന്റെ കഥ പറഞ്ഞുകൊണ്ടിരിക്കുകയാണ്. സുന്ദരിയും ശക്തയും പതിവ്രതയുമായ ശഹർസാദ് റാണിയുടെ കൽപന ലംഘിക്കാൻ ശഹ്‌രിയാറിന്നാകുമോ!

ശഹർസാദ് ഒരുകുല മുന്തിരി കൈയിലെടുത്തു. ശാന്തയായി ശഹ്‌രിയാറിനെ പ്രകോപിപ്പിച്ചുകൊണ്ട് ശഹർസാദ് മുന്തിരി തിന്നുതുടങ്ങി. പാവം ശഹ്‌രിയാറിന് ഒറ്റ മുന്തിരിപോലും നൽകിയില്ല. പ്രാതലിനുള്ള ഉത്തരവുപോലും നൽകിയിരുന്നില്ല. 'കൊച്ചനേ, കഥ മുഴുമിക്കുക.' ശഹർസാദ് പറഞ്ഞു. 'മനസ്സിൽ ദുഃഖരസം പടർത്തുന്നതാണ് നിന്റെ കഥ. കഥയായാൽ അങ്ങനെ തന്നെ വേണം. അല്ലെങ്കിൽ പിന്നെ കഥക്കെന്ത് രസം.'

ശഹ്‌രിയാർ നലു നിമിഷം ദീർഘശ്വാസം ചെയ്തു. മറ്റൊരു നാലു നിമിഷം ശ്വാസമടക്കിപ്പിടിച്ചു. ഭിഷഗ്വരന്മാരും മനുഷ്യോർജ ശാസ്ത്രജ്ഞന്മാരും പറയുംപോലെ ശ്വാസകോശത്തിന്റെ മുഴുവൻ ഭാഗങ്ങളിലും കഴിയുന്നത്ര പ്രാണവായു ചെന്നെത്തിയെന്ന് ഉറപ്പാകും വരെ. പിന്നെ നാലു നിമിഷം ശ്വാസമയച്ച ശേഷം കഥ തുടർന്നു.

എന്റെ ഭാഗ്യറാണീ, പ്രാണപ്രിയേ, ആത്മലഹരീ! അങ്ങനെ രാക്ഷസൻ അമ്മാറിന്റെ രക്തത്തിൽ മൂന്നിൽരണ്ടു ഭാഗം വിട്ടുവീഴ്ച ചെയ്തു. കാരണം ഇസ്രയേലീ ചെക്ക്പോസ്റ്റിൽ നിദാൽ അനുഭവിച്ച കഷ്ടപ്പാടുകളും ലബനാനിലെ അഭയാർഥീ ക്യാമ്പുകളിൽ ജിഹാദിന് നേരിടേണ്ടിവന്ന ദുരിതപർവവും വർണനാതീതമായിരുന്നു. തന്റെ കൊച്ചുമകനെ കൊന്നതിന്റെ പേരിൽ അമ്മാറിന്റെ അവശേഷിക്കുന്ന രക്തം പ്രതികാരമായെടുക്കാൻ രാക്ഷസൻ തുനിഞ്ഞപ്പോൾ തന്റെ ദുരന്തകഥ കൂടി കേൾക്കാൻ ദയവുണ്ടാകണമെന്ന് മുഹമ്മദ് അപേക്ഷിച്ചു. മുഹമ്മദിന്റെ ദുരന്തം തന്റെ ദുരന്തത്തിന് തുല്യമല്ലെങ്കിൽ അവരെ മുഴുവൻ ഇമവെട്ടുന്നതിനിടയിൽ കൊന്നൊടുക്കുമെന്ന ഉപാധിയോടെ രാക്ഷസൻ അതിനു സമ്മതിച്ചു. മുഹമ്മദിന്റെ ദുരന്തം ലഘുവായിരിക്കുമെന്നായിരുന്നു രാക്ഷസന്റെ ധാരണ. കാരണം എത്രമേൽ ഭയാനകമായ രണ്ടു ദുരന്തകഥകളാണു താനിപ്പോൾ കേട്ട് കഴിഞ്ഞിരിക്കുന്നത്!

മുഹമ്മദിന്റെ മുഖം തിളങ്ങി. അപ്പോൾ അവൻ ഉള്ളാലെ മന്ത്രിക്കുന്നുണ്ടായിരുന്നു: എടോ രാക്ഷസ വങ്കച്ചാരേ! ഫലസ്ത്വീനികളെ ഇനിയും നീ അറിഞ്ഞിട്ടില്ല. അവരുടെ ദുരന്തം ഭാവനാതീതമാണ്. അതിനാൽ പ്രതികാരത്തിനുള്ള അവസരം നിനക്ക് പാഴാകുമെന്ന കാര്യത്തിൽ എനിക്ക് ഒരു സംശയവുമില്ല." അങ്ങനെ മുഹമ്മദ് കഥ ആരംഭിച്ചു.

മഹാനായ രാക്ഷസാ, പണ്ട് പണ്ട് ഇറാഖിൽ ഖാസിം എന്നൊരു ഫലസ്ത്വീനി താമസിച്ചിരുന്നു. ജൂതന്മാരുടെ അധിനിവേശ ദുരന്തത്തിന്റെ തൊട്ടു പിന്നാലെ മഹത്തായ ഇറാഖിൽ അഭയം തേടിയെത്തിയതായിരുന്നു ഖാസിം. അന്നവിടെ അഭയാർഥികളായെത്തിയവരുടെ എണ്ണം ഏതാണ്ട് അയ്യായിരം വരും. ഇന്നവർ അമ്പതിനായിരമായിരിക്കുന്നു. ഈ ഖാസിം എന്നയാൾ എന്റെ ബാപ്പയാണെന്നറിയുക. അദ്ദേഹവും മറ്റുള്ളവരെപ്പോലെ കഴുത്തിൽ തന്റെ വീടിന്റെ താക്കോലും കെട്ടിത്തൂക്കി നടന്നു. ചക്രവാളത്തിൽ പ്രതീക്ഷയുടെ യാതൊരു വെള്ളിരേഖയുമില്ലാതിരുന്നിട്ടും എന്നെങ്കിലുമൊരിക്കൽ സ്വന്തം വീട്ടിൽ തിരിച്ചെത്താൻ കഴിയുമെന്ന് അവർ വിശ്വസിച്ചു!

ബഗ്ദാദിലെ മിശ്തൽ എന്ന പ്രദേശത്ത് പൈപ്പ് ഉപകരണങ്ങളും മറ്റും വിൽക്കുന്ന ചെറിയൊരു സ്റ്റോർ അദ്ദേഹത്തിനുണ്ടായിരുന്നു. രണ്ടാഴ്ച മുമ്പ് ബാപ്പ സ്റ്റോർ തുറക്കാൻ ചെന്നപ്പോൾ ചുമരിലെഴുതിയ കുത്തുന്ന ചില വാക്കുകളാണ് സ്വാഗതം ചെയ്തത്: 'ഹേ ഫലസ്ത്വീനീ! ഞങ്ങളുടെ നാടുവിട്ടുപോവുക.

ബാപ്പ കുറേനേരം നെടുവീർപ്പിട്ടിരുന്നു. പിന്നെ ചുമരിലൊട്ടിച്ചത് കീറിക്കളഞ്ഞു. ഈയിടെയായി ഫലസ്ത്വീനികൾക്കെതിരിലുള്ള ഇത്തരം കുത്സിതങ്ങൾ ഒരു പതിവായിരിക്കുകയാണ്. വംശീയ വികാരങ്ങളുടെ വിഷവിത്തുകൾ കച്ചവടം ചെയ്യുന്നരാണ് അതിന്റെ പിന്നിൽ. ബാപ്പ പഴയകാല സ്മരണകളിലേക്കു മടങ്ങി. എനിക്ക് കഥ പറഞ്ഞുതരാൻ തുടങ്ങി: "മോനേ! എന്റെ രണ്ടു സഹോദരന്മാരായ അബ്ദുൽ കരീമിനും ഖലീലിനും എന്നോട് അസൂയയുണ്ടായിരുന്നു. അവരിലൊരാൾ ഗസ്സയിൽ കഷ്ടപ്പെടുകയാണ്. മറ്റവൻ ലബനാൻ കയ്പ് കുടിച്ചു കഴിയുന്നു. അവരെ അപേക്ഷിച്ച് ഇറാഖിൽ എന്റെ അവസ്ഥ ഭേദമാണ്."

ബാപ്പ സ്റ്റോറിന്റെ മുമ്പിൽ രണ്ടു കസേര വലിച്ചിട്ടു. ഞങ്ങൾ അതിലിരുന്നു. അദ്ദേഹം കഥ തുടർന്നു: കഴിഞ്ഞ അമ്പതുകൾ മുതൽ ഫലസ്ത്വീനികളെ ഏറ്റെടുത്ത ഇറാഖീ സർക്കാർ അവരോട് നല്ലനിലയിലാണ് വർത്തിച്ചു പോന്നത്. സ്വന്തം മണ്ണിലുള്ള ഫലസ്ത്വീനികളുടെ സംരക്ഷണം ഏറ്റെടുത്ത സ്ഥിതിക്ക് ഇറാഖ് യു. എൻ അഭയാർഥി സഹായ ഏജൻസിക്ക് സാമ്പത്തിക സഹായം ചെയ്യേണ്ടതില്ലെന്ന് ഏജൻസിയും ഇറാഖ് സർക്കാറും തമ്മിൽ കരാറുണ്ടായിരുന്നു. എഴുപതുകളായപ്പോൾ ഫലസ്ത്വീനിയെയും ഇറാഖിക്ക് തുല്യമായി സർക്കാർ പരിഗണിച്ചു തുടങ്ങി. രാഷ്ട്രീയത്തിലൊഴികെ ഇറാഖി പൗരന്നുള്ള എല്ലാ അവകാശങ്ങളും ഫലസ്ത്വീനിക്കും ലഭിച്ചു."

"ശരിയാണ് ബാപ്പ. എനിക്കും അതനുഭവമാണ്. സ്കൂളിൽ എനിക്കും ഇറാഖി സഹോദരന്മാർക്കുമിടയിൽ യാതൊരു വിവേചനവും അനുഭവപ്പെട്ടിട്ടില്ല."

ബാപ്പ കഥ തുടർന്നു: രണ്ടാം ഗൾഫ് യുദ്ധം പൊട്ടിപ്പുറപ്പെടുകയും ഇറാഖ് ഉപരോധിക്കപ്പെടുകയും ചെയ്തതോടെ നമ്മുടെ കഷ്ടതയും ആരംഭിച്ചു. എന്നാൽ നമ്മളും ഇറാഖി സഹോദരന്മാരും മുൻ സർക്കാറും അക്കാലത്ത് ഒരുപോലെ കഷ്ടപ്പെടുകയായിരുന്നു. രണ്ടായിരമാണ്ടിനു ശേഷം നമ്മുടെ ജീവിതത്തിനു ചില നിയന്ത്രണങ്ങൾ കൊണ്ടുവന്ന നിയമങ്ങളുണ്ടായപ്പോഴും അതായിരുന്നു അവസ്ഥ."

പെട്ടെന്ന് അടുത്ത തെരുവിൽ ബഹളം കേട്ടു. പോലീസ് വാഹനങ്ങൾ ചീറിപ്പായുന്നു. ഇറാഖി നാഷ്നൽ ഗാർഡ്സിന്റെ ഏതാനും കവചിത വാഹനങ്ങളുമുണ്ട്. എല്ലാം ഫലസ്ത്വീൻ പാർപ്പിട സമുച്ചയത്തിന്റെ നേർക്കാണ് പായുന്നത്. കാൽ മണിക്കൂർ കഴിഞ്ഞപ്പോൾ അലമുറ കേട്ടു തുടങ്ങി. ബാപ്പ കടയുടെ കാര്യമൊക്കെ മറന്ന് ശബ്ദം കേട്ട ഭാഗത്തേക്ക് പാഞ്ഞു. ജനം കൂടി നിൽക്കുന്നത് കണ്ടു ചോദിച്ചു: എന്താണ്? എന്താണ് സംഭവിച്ചത്?'

പ്രായം ചെന്ന ഒരു ഫലസ്ത്വീനിയാണ് മറുപടി പറഞ്ഞത്: നമ്മുടെ മൂന്ന് നാലു യുവാക്കളെ അവർ അറസ്റ്റു ചെയ്തു കൊണ്ടുപോയി!"

"എന്ത് കുറ്റത്തിന്?"

"ഒരു കുറ്റവുമില്ല."

അപ്പോൾ ഞാൻ ബാപ്പയോടു ചോദിച്ചു: "ശരിക്കും എന്താണ് നടക്കുന്നത്?"

രോഷത്തോടെയാണ് ബാപ്പ പ്രതികരിച്ചത്. "ഇനിയും നിനക്ക് മനസ്സിലായിട്ടില്ലേ. തെളിവില്ലാതെ അറസ്റ്റ്. വീട്ടിൽനിന്ന് പുറംതള്ളൽ. വൃത്തികെട്ട ശകാര വാക്കുകൾ. നമ്മൾ മുൻസർക്കാറിന്റെ വിടുവേലക്കാരാണെന്നാണ് ആരോപണം. കൂട്ടപ്പലായനം നടത്തിക്കാനുള്ള കുത്സിത ശ്രമമാണ്. അധിനിവേശം വംശവെറിയന്മാർക്ക് വളക്കൂറുള്ള മണ്ണൊരുക്കിയിരിക്കയാണ്. എന്ത് വിലകൊടുത്തും നമ്മളെ ഇറാഖിൽനിന്നവർക്ക് പുറംതള്ളണം. കാരണം, ഇസ്രയേലീ അധിനിവേശത്തിന്റെ പീഡാനുഭവമുള്ള ഫലസ്ത്വീനിക്ക് ഇറാഖിലെ അമേരിക്കൻ അധിനിവേശ ദുരന്തത്തിന്റെ അളവ് നന്നായി മനസ്സിലാകും."

എന്റെ കണ്ണുകൾ ഈറനായി. "എന്താണ് പരിഹാരം?" ഞാൻ ചോദിച്ചു.

അഭിമാന പുരസ്സരം ബാപ്പ പ്രതിവചിച്ചു: "അമ്പതാണ്ടുകൾ പിടിച്ചുനിന്ന നമ്മൾ മറ്റൊരു അമ്പതാണ്ടുകൾ കൂടി ഉറച്ചുനിൽക്കണം. അവർ എന്ത് ചെയ്താലും നമ്മൾ അടിയറവു പറയാൻ പോകുന്നില്ല. ശത്രുക്കൾ നമ്മെ അപമാനിച്ചു. അഥവാ അതിനു ശ്രമിച്ചു. മിത്രങ്ങൾ നമ്മെ അവഗണിച്ചു. എന്നാൽ കൊടുങ്കാറ്റിനു മുമ്പിൽ തലകുനിക്കാത്ത പർവതം പോലെ നാം ഉറച്ചു നിൽക്കുക തന്നെ ചെയ്യും. അബൂ അമ്മാർ (യാസിർ അറഫാത്ത്) അങ്ങനെയല്ലേ പറഞ്ഞിട്ടുള്ളത്?"

"അതെ."

"അധിനിവേശ ശക്തികളുടെ കൈയിൽ സ്വയം സമർപ്പിച്ച ഇക്കൂട്ടർക്ക് നമ്മെ കീഴ്പ്പെടുത്താൻ കഴിയുമെന്ന് നീ വിശ്വസിക്കുന്നുണ്ടോ? ഒരു പക്ഷേ, ഇറാഖിൽനിന്ന് അവർ നമ്മെ പുറത്താക്കിയേക്കാം. എന്നാൽ ഇക്കാലമത്രയും നമ്മോട് ഔദാര്യപൂർവം വർത്തിച്ച ഈ അറബു പ്രതിബദ്ധ ജനതയോടുള്ള സ്നേഹം നമ്മുടെ ഹൃദയത്തിൽനിന്ന് ചീന്തിയെറിയാൻ ഇവർക്ക് ഒരിക്കലും സാധിക്കുകയില്ല. അധിനിവേശത്തിന്റെ ഒരു പിടി പിണിയാളുകൾക്ക് ഇറാഖീ ജനതയും മുൻ സർക്കാറുകളും രേഖപ്പെടുത്തിയ തിളങ്ങുന്ന ചരിത്രം മായ്ച്ചു കളയാൻ ഒരിക്കലും കഴിയുകയില്ല."

ഈ അവസാന വാക്കുകൾ ഉച്ചരിച്ച ശേഷം ബാപ്പ എന്നെന്നേക്കുമായി നിശ്ശബ്ദനായി! അദ്ദേഹത്തിന്റെ ക്ഷീണിതമായ ഹൃദയത്തിന് ആ ആഘാതം സഹിക്കാവുന്നതിലും അപ്പുറമായിരുന്നു. ജലീലിലെ ഞങ്ങളുടെ വീട്ടിന്റെ താക്കോൽ ഞാൻ എന്റെ ഹൃദയത്തിനടുത്ത് തൂക്കിയിട്ടു. എല്ലാ ഇടങ്ങളിലുമുള്ള ഫലസ്ത്വീനികളുടെ കഷ്ടപ്പാടുകൾക്ക് അറുതി വരുത്താൻ ഞാൻ അല്ലാഹുവോടു പ്രാർഥിക്കുകയാണ്. സൈനികവും മാനസികവുമായ ഭീകരാക്രമണങ്ങൾക്ക് നിത്യേന വിധേയരായിക്കൊണ്ടിരിക്കുന്ന ഇറാഖിലുള്ളവരുടെ കാര്യത്തിൽ വിശേഷിച്ചും.

രാക്ഷസൻ കുറേ നേരം പൊട്ടിക്കരഞ്ഞു. എന്നിട്ടു പറഞ്ഞു: "ഫലസ്ത്വീനികളേ! പോകുന്നിടത്തൊക്കെ നിങ്ങൾക്ക് കഷ്ടപ്പാടുകളാണല്ലോ. മുഹമ്മദേ! നിന്റെ ദുരന്തം അത്യന്തം വേദനാനിർഭരം തന്നെ. അമ്മാറിന്റെ രക്തത്തിൽ മൂന്നിലൊന്ന് നിനക്ക് ദാനമായി നൽകിയിരിക്കുന്നു."

"അല്ലാഹു അക്ബർ." അമ്മാർ ആഹ്ലാദഭരിതനായി തുള്ളിച്ചാടി.

രാക്ഷസന്റെ മുഖം കോപത്താൽ വിവർണമായി. "ആയിരത്തൊന്നുരാവുകളിലെ കഥകളോടു ഞാൻ ബാധ്യസ്ഥനായിരുന്നില്ലെങ്കിൽ ഈ വിഡ്ഢിക്കളിയിൽ ഭാഗഭാക്കാവുകയില്ലായിരുന്നു. കാര്യം എന്റെ കൈയിലായിരുന്നെങ്കിൽ അമ്മാറേ, ആദ്യനിമിഷത്തിൽതന്നെ നിന്നെ ഞാൻ അറുത്തിടുമായിരുന്നു."

പിന്നീട് മൂന്ന് ഫലസ്ത്വീനികളുടെ നേരെ തിരിഞ്ഞു രാക്ഷസൻ പറഞ്ഞു: "അഭയവും സുരക്ഷിതത്വവും കളിയാടുന്ന ജിന്നുകളുടെ രാജ്യത്തേക്ക് എന്റെ കൂടെ വരുന്നതിനെക്കുറിച്ച് നിങ്ങൾ എന്ത് പറയുന്നു?"

ഫലസ്ത്വീനികൾ കുറേനേരം പരസ്പരം നോക്കിയിരുന്നു. പിന്നീട് നിദാൽ സംസാരിച്ചു: ഞങ്ങളുടെ നേരെയുള്ള നിങ്ങളുടെ നിലപാട് മാറ്റിയേക്കാവുന്ന പട്ടാള വിപ്ലവമോ അധിനിവേശമോ ഉണ്ടാവുകയില്ലെന്ന കാര്യത്തിൽ ഞങ്ങൾക്ക് ഒരു ഉറപ്പുമില്ല. അങ്ങനെ വന്നാൽ വീണ്ടും ഞങ്ങൾ കഷ്ടപ്പെടേണ്ടിവരും. ഞങ്ങൾ ഇവിടെ തന്നെ ഉറച്ചുനിന്നുകൊള്ളാം. അഭിമാനത്തിന്റെ ആയുധമണിഞ്ഞ്, പ്രതാപത്തിന്റെ വീര്യത്താൽ ശക്തരായി യുദ്ധം ചെയ്തോ സമാധാനപൂർവമോ സ്വദേശം വീണ്ടെടുക്കാൻ പൊരുതിക്കൊണ്ട് ഞങ്ങൾ ഇവിടെ തന്നെ കഴിഞ്ഞുകൊള്ളാം."

"അല്ലാഹു നിങ്ങളെ തുണക്കട്ടെ." രാക്ഷസൻ ആശംസിച്ചു: "വീണ്ടും കാണാം."

ഒരു ചുടുകാറ്റ് ആഞ്ഞുവീശി. മരുഭൂമണൽ എല്ലാം മൂടി. പൊടുന്നനെ പ്രത്യക്ഷപ്പെട്ട പോലെ രാക്ഷസൻ പൊടുന്നനെ അപ്രത്യക്ഷനായി. എന്നാൽ ഫലസ്ത്വീൻ ഇപ്പോഴും സഹായത്തിനായി വിലപിച്ചുകൊണ്ട് തടവിൽ തന്നെ കഴിയുന്നു. ഉത്തരമോതാൻ ആരെങ്കിലുമുണ്ടോ? (അവസാനിച്ചു)

കടപ്പാട്: *അൽ-ശർഖ്*, ഖത്തർ
vakabeer@hotmail.com